## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4714** **27.6.2014-ൽ മറുപടിക്ക്**

**നഗരങ്ങളിലെ ചേരിനിവാസികളുടെ പുനരധിവാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>,, പി. കെ. ബഷീർ<br>,, പി. ബി. അബ്ദുൾ റസാക്<br>,, അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ ചേരിനിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ വിശദമാക്കുമോ ; | എ) സംയോജിത പാർപ്പിട ചേരിവികസന പദ്ധതി (IHSDP), നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP), രാജീവ് ആവാസ് യോജന (RAY) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ട്. |
| ബി) പുനരധിവാസത്തിന്റെ ഭാഗമായി ചേരിപ്രദേശങ്ങളിൽ നിർമ്മിച്ചു നൽകിയ ഫ്ളാറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | ബി) പുനരധിവാസത്തിന്റെ ഭാഗമായി ചേരിപ്രദേശങ്ങളിൽ നിർമ്മിച്ചു നൽകിയ ഫ്ളാറ്റുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിലുള്ള സംവിധാനം മേൽപറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ രാജീവ് ആവാസ് യോജന പദ്ധതിയിൽ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ 5 വർഷക്കാലത്തേയ്ക്കുള്ള അറ്റകുറ്റപണികൾക്ക് ആവശ്യമായിട്ടുള്ള തുക പദ്ധതികളിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) സംസ്ഥാനത്തൊട്ടാകെ പുനരധിവസിപ്പിക്കപ്പെടാൻ അർഹരായ എത്ര കുടുംബങ്ങൾ ചേരികളിൽ കഴിയുന്നുണ്ടെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ ;<br>എങ്കിൽ വിശദമാക്കുമോ ? | സി) സംസ്ഥാനത്തൊട്ടാകെയുള്ള കണക്കെടുത്തിട്ടില്ല. എന്നാൽ RAY പദ്ധതി നടപ്പിലാക്കുന്ന തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ,കോഴിക്കോട്, കണ്ണൂർ എന്നീ നഗരസഭകളിൽ പ്രസ്തുത പദ്ധതിയുടെ മാനദണ്ഡപ്രകാരം തെരഞ്ഞെടുത്ത ചേരികളിൽ കണ്ടെത്തിയ പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങളുടെ കണക്കെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ